LIBRARY ARCHIVES Kerala Legislative Assembly

മാറാട് അക്രമത്തെ തുടർന്ന് വിട്ടൊഴിഞ്ഞുപോയവരെ തിരിച്ചുകൊണ്ടുവരുന്നതിന് നടപടി

28 (775) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് അക്രമത്തെതുടർന്ന് ആ പ്രദേശത്തുനിന്നും എത്ര കുടുംബങ്ങളിലായി എത്ര പേർ പാലായനം ചെയ്യേണ്ടിവന്നിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പാലായനം ചെയ്യേണ്ടിവന്നവരുടെ വീടുകൾ കൊള്ളയടിക്കപ്പെടുകയും വീട്ടുപകരണങ്ങൾ കവർച്ച ചെയ്യപ്പെട്ടതായുമുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ഡി) കവർച്ച നടത്തിയവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരെയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 232 കുടുംബങ്ങൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 31-5-2003 വരെ 23 പരാതികൾ ലഭിച്ചു. 23 കേസുകൾ രജിസ്റ്റർ ചെയ്തു.

(ഡി) അറസ്റ്റ് ചെയ്തിട്ടില്ല. കേസുകൾ അന്വേഷണാവസ്ഥയിലാണ്.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മാറാട് ജുഡീഷ്യൽ അന്വേഷണത്തിന്റെ വിഷയങ്ങൾ

29 (776) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മേയ് മാസം 2-ന് മാറാട് നടന്ന കൂട്ടക്കൊലയെ സംബന്ധിച്ച് നടത്താൻ നിശ്ചയിച്ച ജുഡിഷ്യൽ അന്വേഷണത്തിന്റെ വിഷയങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) അന്വേഷണ വിഷയത്തിൽ 2002 ജനുവരിയിൽ മാറാട് നടന്ന കലാപവും തുടർ നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഈ കാര്യം ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?